**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 313** **15-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത-3**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാത-3 എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ; | (എ) | കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത-3 (NW3) ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) യുടെ അധീനത യിലാണ്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. നിലവിൽ ഗതാഗത യോഗ്യമാണെങ്കിലും പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് എത്തുന്നതിന് കൊല്ലം ചവറ കോവിൽതോട്ടത്ത് ഒരു നടപ്പാലത്തിന്റെയും ആലപ്പുഴ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെയും പുനർനിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ചവറയിലെ പാലം നിർമ്മാണത്തിൽ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നത് പരിഹരിക്കു ന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൃക്കുന്നപ്പുഴ നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെ പണികൾ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)യുടെ ഫണ്ട് ഉപയോഗിച്ച് ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നു.<br><br>കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗം ദേശീയ ജലപാതയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്ഥലം ഏറ്റെടുക്കൽ, ആഴവും വീതിയും കൂട്ടൽ, ഉയരം കുറഞ്ഞ റഗുലേറ്ററുകൾ, പാലങ്ങൾ എന്നിവ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കൽ മറ്റ് പുതിയ ക്രോസ് സ്ട്രക്ച്ചറുകളുടെ നിർമ്മാണം തുടങ്ങിയവ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് IWAI തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും. |
| (ബി) | ദേശീയ ജലപാതയിൽ ഉൾപ്പെടാത്ത മറ്റ് ഭാഗങ്ങൾ | (ബി) | |

| | |
|---|---|
| ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ; | കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി KIIFB LA യൂണിറ്റുമായി ചേർന്ന് സ്ഥല പരിശോധന നടത്തി വരുന്നു. പാർവ്വതീ പുത്തനാറിനു കുറുകെ കരിക്കകം, പുത്തൻപാലം, പനത്തുറ എന്നീ സ്ഥലങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജുകളുടെ നിർമ്മാണവും, കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനഃ നിർമ്മാണവും നടപ്പിലാക്കിവരുന്നു. ഈ ഭാഗത്ത പാർവ്വതീ പുത്തനാർ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും, കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും, പാലങ്ങൾ, നടപ്പാലങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്ന് വരുന്നു.<br><br>കോഴിക്കോട് സിറ്റിയിൽ കൂടി കടന്ന് പോകുന്ന ജലപാതയുടെ ഭാഗമായ 11.2 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന "കനോലി കനാൽ വികസന പദ്ധതി" കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.<br><br>വടകര മുതൽ മാഹി വരെ അഞ്ച് റീച്ചുകളായി തിരിച്ചിട്ടുള്ള 17.61 കി.മീ. ദൂരത്തിൽ 12 കി.മീ. ദൂരം ഗതാഗതയോഗ്യമായിട്ടുണ്ട്. ഒന്നാം റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും വെങ്ങോലി ലോക്ക് കം ബ്രിഡ്ജിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. വടകര – മാഹി കനാൽ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കുന്നതിനായി റീച്ച്-3ന്റെ നരിക്കേട്ട് താഴെ മുതൽ കല്ലേരി വരെയുള്ള 3.24 കി. മീ. ൽ ഉൾപ്പെട്ട 800 മീറ്റർ |

| | | | |
|---|---|---|---|
| | | | വരെ ചേരിപ്പോയിൽ ഹൈ കട്ട് ഭാഗത്ത് എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ചിട്ടുള്ള പുതിയ ഡിസൈൻ പ്രകാരമുള്ള പ്രവൃത്തിക്കും മൂന്നാം റീച്ചിൽ ഗതാഗത യോഗ്യമാക്കുവാൻ ബാക്കിയുള്ള 2.44 കി.മീ. ഭാഗം കൂടി ഉൾപ്പെടുത്തിയും പുതുക്കിയ DPR അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് വരുന്നു. റീച്ച് അഞ്ചിൽ 3 കി.മീ. ദൂരം പൂർത്തീകരിക്കുന്ന തിനുള്ള പ്രവർത്തനങ്ങ നടത്തി വരുന്നു.<br><br>മാഹി-വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്ററും, നീലേശ്വരം-ബേക്കൽ ഭാഗത്തു 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികൾ സ്പെഷ്യ പർപ്പസ് വെഹിക്കിൾ ആയ KWIL മുഖേന നടപ്പാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനാ മാഹി - വളപട്ടണം ഭാഗത്ത് 650 കോടി രൂപയു നീലേശ്വരം - ബേക്കൽ ഭാഗത്തു 186 കോടി രൂപയും KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വെ പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പുരോഗമിച്ചു വരുന്നു.<br><br>സംസ്ഥാന ജലപാത ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായ ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസും ഹൊറിസോണ്ടൽ ക്ലിയറൻസും ലഭ്യമാകാത്ത പാലങ്ങളും മറ്റ് ക്രോസ് സ്ട്രക്ചറുകളും പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും നടന്നു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സംസ്ഥാനത്തിന്റെ ഗതാഗത, വിനോദസഞ്ചാര, വാണിജ്യ മേഖലകളിലും പൊതു വികസനത്തിലും ഏതെല്ലാം രീതിയിൽ സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വെസ്റ്റ് കോസ്റ്റ് കനാലിന്റെ (WCC) വികസനം പൂർത്തിയാകുന്നതോടെ ജലഗതാഗതത്തിനും വൻതോതിൽ ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗത ത്തിനും വഴിതുറക്കുകയും ഇന്ന് നേരിടുന്ന ഗതാഗത കുരുക്കിനും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഒരു പരിധി വരെ പരിഹാരം കാണുന്നതിനും അപകട സാധ്യത കൂടുതലുള്ള ചരക്കുകൾ സുഗമമായി കൈകാര്യം ചെയ്യുന്നതിനും സാധിക്കും. കൂടാതെ ജലഗതാഗതം വഴിയുള്ള ചരക്കുനീക്കം മറ്റ് ഗതാഗത മാർഗ്ഗങ്ങളെ അപേക്ഷിച്ച് ചെലവു കുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യമായതുമാണ്. ഇതുമൂലം പരോക്ഷമായി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും. |

| | | | |
|---|---|---|---|
| | | | വെസ്റ്റ് കോസ്റ്റ് കനാൽ (WCC) പൂർണ്ണതോതിൽ ജലഗതാഗതത്തിന് തുറന്നു കൊടുക്കപ്പെടുന്നത് ടൂറിസം വികസനത്തിന് കുതിപ്പേകുകയും വിദേശ ടൂറിസ്റ്റുകളേയും അന്താരാഷ്ട്ര കപ്പൽ ഗതാഗത ഏജൻസികളേയും ഇവിടേക്ക് ആകർഷിക്കുവാനും, അതിലൂടെ സംസ്ഥാനത്തിന് വൻതോതിൽ വിദേശനാണ്യം നേടുവാൻ കഴിയുന്നതുമാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിലൂടെ ടി പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരവും സാമ്പത്തിക നിലവാരവും ഉയരുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ